കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളവുകാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി10)/1152/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളവുകാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി10)/1152/2021 തീയ്യതി: 10/01/2022

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കെ എ ഷാജിമോൻ	ഡെപ്യൂട്ടി ഡയറക്ടർ	09-08-2021	25-08-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-08-2021	25-08-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. വിജി ഷാജൻ	പ്രസിഡന്റ്	01-04-2020	29-12-2020
ശ്രീ വി എസ് അക്ബർ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീമതി.മണികുട്ടി.ആർ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രേഖ കെ കെ	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി ജിത ജെ ആർ	അസി.എഞ്ചിനിയർ	01-04-2020	31-03-2021
ഡോ.ഇന്ദു രാമകൃഷ്ണൻ	വെറ്റിനറി സർജൻ	01-04-2020	31-03-2021
ഡോ.ഷീജ	മെഡിക്കൽ ഓഫീസർ,ആയുർവ്വേദം	01-04-2020	31-03-2021
ഡോ.ശ്രീലാൽ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2020	31-03-2021
ഡോ.രഹനാ സലാം	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2020	22-01-2021
ഡോ അനുശ്രീ പ്രകാശ്	മെഡിക്കൽ ഓഫീസർ,ഹോമിയോ	23-01-2021	31-03-2021
ശ്രീമതി ദിവ്യ ടി ബാബു	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2020	17-09-2020
ശ്രീമതി സ്മിത കെ ബി	ഫിഷറീസ് ഇൻസ്പെക്ടർ	18-09-2020	31-03-2021
ശ്രീമതി യമുന ഗോഡ്സേ	ഐ.സി,ഡി.എസ്. സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീ സാബു ജേക്കബ്	ഹെഡ്മാസ്റ്റർ	01-04-2020	16-06-2020
ശ്രീമതി ബാർബറാ സെബാസ്റ്റ്യൻ	ഹെഡ്മാസ്റ്റർ	17-06-2020	31-03-2021
ശ്രീ ദീപാംകർ സി പി	അസി.സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി സ്മിത അന്ന തോമസ്	വി.ഇ.ഒ, പനമ്പുകാട്	01-04-2020	31-03-2021
ശ്രീമതി ലാലി പി	വി.ഇ.ഒ, മുളവ്കാട്	01-04-2020	19-11-2020

ശ്രീ ജിജിൽ കെ എൻ	വി.ഇ.ഒ, മുളവ്കാട്	20-11-2020	17-02-2021
ശ്രീമതി സ്മിത അന്ന തോമസ്	വി.ഇ.ഒ, മുളവ്കാട്	18-02-2021	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-1
2	ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കണം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-1-1
3	ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-1-2
4	സേവനനിരക്കുകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-1-3
5	വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-1-4
6	വാർഷികധനകാര്യപത്രിക Written By: Hareesh Babu .N (Asst. Audit Officer, On 19-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-2
7	വാർഷിക കണക്കുകളിലെ അപാകതകൾ Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-2-1
8	സാമ്പത്തിക വിശകലനം Written By: Hareesh Babu .N (Asst. Audit Officer, On 19-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-3
9	ഫണ്ട് വിനിയോഗം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-4
10	പദ്ധതി അവലോകനം Written By: Hareesh Babu .N (Asst. Audit Officer, On 19-08-2021) Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2021)	1-5
11	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി Written By: Hareesh Babu .N (Asst. Audit Officer, On 19-08-2021) Last Updated By: Hareesh Babu .N (Asst. Audit Officer, On 19-08-2021)	1-6
12	ക്ഷേമ പദ്ധതികൾ Written By: Hareesh Babu .N (Asst. Audit Officer, On 19-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-7
13	മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു Written By: Hareesh Babu .N (Asst. Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-7-1
14	ക്യാഷ് പരിശോധന Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Hareesh Babu .N (Asst. Audit Officer, On 24-08-2021)	1-8

15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 01-01-2022)	1-9
16	ഗ്രാമസഭ Written By: Hareesh Babu .N (Asst. Audit Officer, On 24-08-2021) Last Updated By: Hareesh Babu .N (Asst. Audit Officer, On 24-08-2021)	1-10
17	വസ്തു നികുതി - അപാകതകൾ Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-11
18	തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-12
19	ലൈസൻസ് ഫീസ് സംബന്ധിച്ച അപാകതകൾ Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-13
20	ലാപ്ടോപ്പ് വിതരണം-ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകാരം-രേഖകൾ ഹാജരാക്കേണ്ടതാണ് Written By: Kavitha S Kannan (Senior Grade Auditor, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-14
21	സൂതികപരിചരണം പദ്ധതി - അപാകതകൾ Written By: K.V.Susmitha (Audit Officer, On 22-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-15
22	ആയുർവേദമരുന്ന് - ലഭ്യമായിട്ടില്ല Written By: K.V.Susmitha (Audit Officer, On 22-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-16
23	ഗുണഭോക്താക്കളുടെ അർഹതാരേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല Written By: K.V.Susmitha (Audit Officer, On 22-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-17
24	സ്കൂളിന് മൈക്ക് സെറ്റും അനുബന്ധഉപകരണങ്ങളും വാങ്ങൽ പദ്ധതി - അപാകതകൾ Written By: K.V.Susmitha (Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-18
25	സമഗ്ര ശിക്ഷ അഭിയാൻ - വിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. Written By: K.V.Susmitha (Audit Officer, On 22-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-19
26	ഫർണീച്ചർ പർച്ചേസ് - നടപടിക്രമങ്ങൾ പാലിച്ചില്ല Written By: K.V.Susmitha (Audit Officer, On 22-08-2021) Last Updated By: Joby George (Computer Assistant, On 01-01-2022)	1-20
27	ബൂസ്റ്റിംഗ് സ്റ്റേഷനും അനുബന്ധ ഉപകരണങ്ങളും - നടപടിക്രമങ്ങൾ പാലിച്ചില്ല Written By: K.V.Susmitha (Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-21
28	ഡെപ്പോസിറ്റ് പ്രവൃത്തി -നടപടിക്രമം പാലിച്ചില്ല Written By: K.V.Susmitha (Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-22
29	ഫിഷറീസ് സ്കൂളിന് സ്ഥലം വാങ്ങൽ - പദ്ധതി നടപ്പിലായില്ല Written By: K.V.Susmitha (Audit Officer, On 25-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-23

30	വള്ളവും വലയും-പദ്ധതി നിർവഹണത്തിലെ അപാകതകൾ Written By: Kavitha S Kannan (Senior Grade Auditor, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-24
31	അങ്കണവാടികൾ-ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്. Written By: Kavitha S Kannan (Senior Grade Auditor, On 23-08-2021) Last Updated By: Joby George (Computer Assistant, On 01-01-2022)	1-25
32	ഭിന്നശേഷിക്കാർക്ക് ഉപകരണം-ആവശ്യമായ മുഴുവൻ ഉപകരണങ്ങളും വാങ്ങി നൽകിയില്ല Written By: Kavitha S Kannan (Senior Grade Auditor, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-26
33	ലൈഫ് ഭവനം- നിർമാണം പൂർത്തീകരിച്ചില്ല Written By: Kavitha S Kannan (Senior Grade Auditor, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-27
34	മരാമത്ത് പണികൾ - പി.ഡബ്ല്യു.ഡി മാനുവൽ വ്യവസ്ഥകൾ - പാലിക്കപ്പെടുന്നില്ല Written By: Hareesh Babu .N (Asst. Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-28
35	കരാറുകാരുടെ ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല Written By: Hareesh Babu .N (Asst. Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-29
36	ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല Written By: Hareesh Babu .N (Asst. Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-30
37	ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നു Written By: Hareesh Babu .N (Asst. Audit Officer, On 23-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-31
38	ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല Written By: Sheheer (Senior Grade Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-32
39	പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ് Written By: Sheheer (Senior Grade Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-33
40	അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് Written By: Sheheer (Senior Grade Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-34
41	കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ് Written By: Sheheer (Senior Grade Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-35
42	സാന്ത്വന പരിചരണം – പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് Written By: Sheheer (Senior Grade Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-36
43	പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണ ചെലവ് - തനത് ഫണ്ടിൽ നിന്നും	1-37

	തുക അനുവദിച്ചിരിക്കുന്നു Written By: Sheheer (Senior Grade Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	
44	അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായ പ്രോജക്ടുകളിലെ അപാകതകൾ Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-38
45	ദുരിതാശ്വാസ നിധി രൂപീകരണം Written By: K.V.Susmitha (Audit Officer, On 25-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	1-39
	ഭാഗം **2**	
1	തൊഴിൽ നികുതി ഈടാക്കിയതിലെ നഷ്ടം Written By: Hareesh P.R (Auditor, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	2-1
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: Hareesh Babu .N (Asst. Audit Officer, On 24-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Hareesh Babu .N (Asst. Audit Officer, On 24-08-2021) Last Updated By: Joby George (Computer Assistant, On 01-01-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-5
6	സ്ഥിരനിക്ഷേപങ്ങൾ Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2021)	4-7
8	ചാർജ് / സർചാർജ് നടപടികളുടെ വിവരം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Hareesh Babu .N (Asst. Audit Officer, On 20-08-2021)	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 01-01-2022)	4-10

11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: Hareesh Babu .N (Asst. Audit Officer, On 20-08-2021) Last Updated By: Joby George (Computer Assistant, On 26-11-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.03.2020 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച മുളവ്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 23.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 20.02.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം
വരവ്	134434994.80 രൂപ
ചെലവ്	125838200.00 രൂപ

1-1-1 ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കണം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

	ബജറ്റ്	യഥാർത്ഥ വരവ് -ചെലവ്
വരവ്	134434994.80രൂപ	84810073രൂപ (മുൻബാക്കി ഒഴികെ)
ചെലവ്	125838200 രൂപ	102360302 രൂപ

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥവരവ് ചെലവുകളുടെ പകുതിയിലും കുറവാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-1-3 സേവനനിരക്കുകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ

01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ(അച്ചടി)28/2019ധനം.തീയതി 08.03.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവ സമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2021	14.06.2021

മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) RP 32 Secured Loans – Loans From KURDFC യുടെ ചെലവിനത്തിൽ തുകകളോന്നും കാണിച്ചിട്ടില്ല. എന്നാൽ ട്രയൽ ബാലൻസിലെ ടി ഇനത്തിന്റെ ചെലവ് 4,68,628/- ആണ്.

2) RP 34 Deposits Received ലെ റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് എന്ന ഇനത്തിലുള്ള വരവ് 8,946/- രൂപയാണ്. എന്നാൽ ഡേ ബുക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് 36,438/- ആണ്.

3) RP 4 Fees &User Charges ലെ Restoration Charges For Road Cutting എന്ന ഇനത്തിലുള്ള വരവ് 43,464/- രൂപയാണ്. എന്നാൽ ഡേബുക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് 32,964/- ആണ്.

4) RP 47 Loans, Advances &Deposits ലെ Advance To Others എന്നയിനത്തിലെ വരവ്, ചെലവ് എന്നിവ യഥാക്രമം 10,02,405/-, 4,49,960/- എന്നിവയാണ്. എന്നാൽ ട്രയൽ ബാലൻസിലെ ടി ഇനത്തിന്റെ വരവ്, ചെലവ് യഥാക്രമം 14,89,625/-,10,17,860/-ആണ്.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്		44098573.00
ഓഡിറ്റ് വർഷത്തെ വരവ്	:	84810073.00
ആകെ		128908646.00
ഓഡിറ്റ് വർഷത്തെ ചെലവ്	:	102360302.00
നീക്കിയിരിപ്പ്		26548344.00
വരവിനങ്ങളിലുള്ള നഷ്ടം	:	4030.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	ഇല്ല

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ് (അക്കൗണ്ട് ഹെഡ്)	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ് / ലാപ്സായ തുക	കുറിപ്പ്
വികസന ഫണ്ട്-ജനറൽ (160100101)	0	9609639	9609639	9058584	551055	94% വിനിയോഗം ബാക്കി തുക ലാപ്സായി.
വികസന ഫണ്ട്-എസ്.സി.പി (160100102)	0	6404333	6404333	6404333	0	100 % വിനിയോഗം.
വികസന ഫണ്ട്-ടി.എസ്.പി (160100103)	0	60000	60000	0	60000	100 % തുകയും ലാപ്സായി
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (160100104)	0	10244430	10244430	6040089	4204341	59% വിനിയോഗം .ബാക്കി തുക ലാപ്സായി
മെയിന്റനൻസ്, റോഡ് (160100401)	0	4306000	4306000	4296198	9802	99.77 % വിനിയോഗം. ബാക്കി തുക ലാപ്സായി
മെയിന്റനൻസ്-റോഡിതരം (160100402)	0	4371335	4371335	4371335	0	100 % വിനിയോഗം

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ						
1.ബി.എസ്.യു.പി (320100114)	4937126	162901	5100027	0	5100027	
2.ഐ.സി.ഡി.എസ് (320100121)	1273299	1028420	2301719	1382258	919461	
3.ശുചിത്വ മിഷൻ (320100199)	804000	0	804000	564000	240000	
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ						
1.വിമുക്തി (320200301)	200000	0	200000	0	200000	
2.ആരോഗ്യ കേരളം (320200399)	30100	0	30100	0	30100	
3.ലൈഫ് സംസ്ഥാന വിഹിതം (320400199)	7295	408882	416177	22	416155	
മറ്റ് ഗ്രാന്റുകൾ , അവാർഡുകൾ						
1.നിർമൽ പുരസ്കാരം (320900101)	380800	0	380800	0	380800	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
211	101565988	167	60988809	30	14	79.15%

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	214399	834212	1048611	1042346	6265
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	15480654	15480654	15480654	0
ആകെ	214399	16314866	16529265	16523000	6265

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	1341600	89
വിധവാപെൻഷൻ	12017900	822
വാർദ്ധക്യകാലപെൻഷൻ	23662100	1661
വികലാംഗപെൻഷൻ	2881000	194
അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള	1183000	82

ധനസഹായം		
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	0	0

1-7-1 മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന ഒരു ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരിച്ച തീയതി	അനർഹമായ കാലയളവ്	അനർഹമായ കാലയളവിൽ വിതരണം ചെയ്തതു തുക
1	ട്രീസ ജോൺ	വിധവ	106580600642	21.07.20	8/20 മുതൽ 6/21- വരെ	16200

2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താവിന് അവസാനം അനുവദിച്ച ജൂൺ 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താവ് മുളവ്കാട് പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ള ആൾ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19.10.2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം നിലനിൽക്കുന്നു.

ധനകാര്യ വകുപ്പിന്റെ 5.11.2020 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 16200/-രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.25/17.08.2021) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് ഉചിതമായ നടപടിയല്ല. സെക്രട്ടറിയ്ക്കും ആയതിന്റെ ചാർജ്ജ് വഹിക്കുന്ന സെക്ഷനും മരണപ്പെട്ടവരെ സേവന എന്ന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20938/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.02.2021	ഏപ്രിൽ 2020-ഡിസംബർ 2020	20.02.2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.05.2018 മുതൽ 13.06.2018 വരെ	2013-14 മുതൽ 2017-18 വരെ	21.07.2018

1-10 ഗ്രാമസഭ

കോവിഡിന്റെ ഭാഗമായി സംസ്ഥാനമാകെ ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം 07.02.2021 തീയതിയിൽ മാത്രമാണ് എല്ലാ വാർഡുകളിലും ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഈ ഗ്രാമസഭ 2020-21 ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുന്നതിന് മാത്രമായിട്ടാണ് ചേർന്നിട്ടുള്ളത്.

1-11 വസ്തു നികുതി - അപാകതകൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ക്രമ നം.	കെട്ടിട നം / ഉടമയുടെ പേര്	അപാകതകൾ
1	ശ്രീ.പോൾരാജ്.ജെ, ആൽഫാ ടവേഴ്സ്	ടിയാന്റെ ഉടമസ്ഥതയിലുള്ള 300 ഓളം കെട്ടിടങ്ങളുടെ വസ്തു നികുതി അടച്ചിട്ടില്ല.
2	6/5a, സ്റ്റേഷൻ ഹൌസ് ഓഫീസർ, മുളവുകാട്	വസ്തു നികുതി അടച്ചിട്ടില്ല.
3	7/341a,പ്രസിഡന്റ്, മുളവുകാട് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.891	വസ്തു നികുതി അടച്ചിട്ടില്ല.
4	3/178b, സെക്രട്ടറി, എസ്.എൻ.ഡി.പി വനിതാ വികസന സംഘം	വസ്തു നികുതി അടച്ചിട്ടില്ല.
5	12/165 , ശ്രീ.അലക്സ് വാവ	വസ്തു നികുതി അടച്ചിട്ടില്ല.
6	6/5/ബി,8/342/എ,ബി,സി,ഡി, പ്രോജക്റ്റ് ഡയറക്ടർ, എൻ.എച്ച്.എ.ഐ	വസ്തു നികുതി അടച്ചിട്ടില്ല.

ടി അപാകതകൾ സംബന്ധിച്ച് 17.08.2021 ൽ നൽകിയ എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നാളിതുവരെയുള്ള പിഴ അടക്കമുള്ള വസ്തു നികുതി ഈടാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും ആയത് ഓഡറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പേര് / സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	കുറവ്

1	നേഹ (മാനേജർ), ടോണി & ഗയ്, ബോൾഗാട്ടി	I & II	12000 (1 മാസത്തെ വരുമാനം)x6= 72000	600	120	480 X 2 = 960
2	സനീഷ് (സ്റ്റെലിസ്റ്റ്),ടോണി & ഗയ്, ബോൾഗാട്ടി	I & II	10000 (1 മാസത്തെ വരുമാനം)x6= 60000	600	120	480 X 2 = 960
3	സിബിൽ (ബ്യൂട്ടിഷൻ), ടോണി & ഗയ്, ബോൾഗാട്ടി	I & II	10000 (1 മാസത്തെ വരുമാനം)x6= 60000	600	120	480 X 2 = 960
4	ബിനീഷ് ബേബി, ഡി.പി.വേൾഡ്	II	86478	750	600	150
5	സുബാ ശങ്കർ. എസ്, ഡി.പി.വേൾഡ്	II	84408	750	600	150
6	ഒണീൽ ഡേവിഡ്, ഡി.പി.വേൾഡ്	II	79374	750	600	150
7	വിനോദ്.കെ.കെ., ജെ.എൻ.ബി.എസ്. എച്ച്.ആർ. സോല്യൂഷൻ	II	132264	1250	1000	250
8	രേഷ്മ. പി.എം, കെ.എം.എൽ നിധി ലിമിറ്റഡ്	II	48000	450	300	150
9	നീന രമേഷ്, കെ.എം.എൽ നിധി ലിമിറ്റഡ്	II	48000	450	300	150
10	വിഷ്ണുപ്രിയ.പി.എസ്, കെ.എം.എൽ നിധി ലിമിറ്റഡ്	II	48000	450	300	150

2) ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	അർദ്ധ വർഷം
1	മാസ്റ്റർ കാർ	I
2	ഹെഡ്ജ് ഫിനാൻസ് ലിമിറ്റഡ്	I
3	സെന്റ് ആൻസ് ഹെൽത്ത് സെന്റർ	I
4	ആൾട്ടിയസ് ലോജിസ്റ്റിക്സ്	II
5	ശ്രേഷ്ഠം കാറ്ററിംഗ്	II
6	അമ്മൂസ് കാറ്ററിംഗ്	II
7	ഒലിവർ മെൻഡസ്	II
8	മുളവുകാട് പോലീസ് സ്റ്റേഷൻ	I & II
9	കോർപ്പറേഷൻ ബാങ്ക്, വല്ലാർപ്പാടം	I & II
10	റബർ വേൾഡ്, ബോൾഗാട്ടി	I & II
11	പട്ടികജാതി സർവ്വീസ് സഹകരണ സംഘം	I & II
12	ധർമ്മൂസ് ഫിഷ് ഹബ്, മുളവുകാട്	I & II
13	മീനാക്ഷി ഹോട്ടൽ	I & II
14	ജി.എം. കൺസ്ട്രക്ഷൻസ്	I & II
15	മുത്തൂറ്റ് ഫിനാൻസ്	I & II
16	ചോയ്സ് കാറ്ററിംഗ്	I & II
17	മറീൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട്സ് ഡവലപ്പ്മെന്റ് അതോറിറ്റി, വല്ലാർപ്പാടം	I & II
18	അക്ഷയ സെന്റർ	I & II

3) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, പഞ്ചായത്തിലെ കരാറുകാർ

എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് 12.08.2021 തീയതിയിൽ നൽകിയ എൻക്വയറി നം.9ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഫീസ് സംബന്ധിച്ച അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ (കെട്ടിട നം 12/1 F,P,U) എന്ന സ്ഥാപനത്തിന്റെ ലൈസൻസ് 01.04.2020 മുതൽ 31.03.2021 വരെ പുതുക്കി നൽകിയതായി കാണുന്നു. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ കാലാവധി 31.10.2020 വരയുള്ളൂ.

2) കെ.രഘു (കെട്ടിട നം 13/52 ബി,ലൈസൻസ് രജിസ്റ്റർ നം. 91) എന്ന വ്യക്തിയുടെ പേരിൽ പെട്രോൾ പമ്പിനുള്ള ലൈസൻസ് നൽകിയതായി കാണുന്നു. ലൈസൻസ് ഫീസ് 4000/- രൂപ ഒടുക്കിയതായും കാണുന്നു. എന്നാൽ ടിയാൻ സമർപ്പിച്ച 10.02.2020 ലെ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ ടി സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 611.52 ലക്ഷം (6.12 കോടി) രൂപ എന്നാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല.

3) 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസിനത്തിൽ നിശ്ചയിക്കാവുന്ന മിനിമം ഫീസ് 500/-രൂപയാണ്. എന്നാൽ 12.03.2018 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10(10)നമ്പർ തീരുമാനപ്രകാരം ഏറ്റവും ചെറിയ ലൈസൻസ് ഫീസായി 300/-രൂപ ഈടാക്കുവാൻ തീരുമാനിച്ചതായും അതനുസരിച്ച പല സ്ഥാപനങ്ങളിൽ നിന്ന് ഫീസ് പിരിച്ചതായും കാണുന്നു. എന്നാൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിൽ നിന്നും 300/- രൂപയിലും കുറഞ്ഞ നിരക്ക് ഈടാക്കിയതായി കണ്ടു.

ക്രമ നം	പേര് / കെട്ടിട നം	സ്ഥാപനം	ഈടാക്കിയ തുക	ഈടാക്കേണ്ട തുക
1	ആന്റണി.പി.എ, 6/363	ചായക്കട	200	300

4) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. മുൻ സാമ്പത്തിക വർഷത്തിലും ടി സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിച്ചതായി കാണുന്നു.

ടി അപാകതകൾ സംബന്ധിച്ച് 16.08.2021 ൽ നൽകിയ എൻക്വയറി നം.16 ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ തന്നെ സ്ഥാപനത്തിനെപ്പറ്റിയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുമായിരിക്കണം ലൈസൻസ് പുതുക്കി നൽകേണ്ടത്. ലഭിക്കേണ്ടതായ ലൈസൻസ് ഫീസ് കൃത്യമായ അസ്സസ് ചെയ്ത് ഈടാക്കേണ്ടതാണ്. ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കെ.രഘു (കെട്ടിട നം 13/52 ബി,ലൈസൻസ് രജിസ്റ്റർ നം. 91) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന്റെ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ലാപ്ടോപ്പ് വിതരണം-ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകാരം- രേഖകൾ

ഹാജരാക്കേണ്ടതാണ്

പ്രോജക്ട്	S0127/21,മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ്
അടങ്കൽ	4,20,000/-(വികസന ഫണ്ട്)
ചെലവ്	3,88,108/-(വികസന ഫണ്ട്) ബിൽ.നം-2/20-21, തീയതി-17.04.20

ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവഹണം നടത്തിയ മേൽ പ്രോജക്ട് മുഖേന (സ്പിൽ ഓവർ) പതിനാല് വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്നും ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) പരിശോധനക്കായി ഹാജരാക്കിയ 23.11.2019 തീയതിയിലുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ആകെ 17വിദ്യാർത്ഥികളാണ് ഉൾപ്പെട്ടിട്ടിരുന്നത്. അവരിൽ ആറ് പേരെ മാത്രമാണ് ആനുകൂല്യത്തിനായി പരിഗണിച്ചത്. ലാപ് ടോപ്പ് കൈപ്പറ്റിയ അവശേഷിക്കുന്ന എട്ട് വിദ്യാർത്ഥികളെ പിന്നീട് തിരഞ്ഞെടുക്കുകയും ലിസ്റ്റിൽ കൂട്ടിചേർക്കുകയുമാണ് ചെയ്തത്. വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ താഴെപ്പറയുന്നു.

ക്രമ നം	പേര്,അഡ്രസ്	വാർഡ്
1	മീരരാജു,തിട്ടയിൽ,പൊന്നാരിമംഗലം	7
2	അർജുൻകലേശൻ,അറയ്ക്കപറമ്പിൽ,പനമ്പുകാട്	1
3	അഞ്ജന.സി.എ,,ചമ്പാടിപറമ്പിൽ,പോഞ്ഞിക്കര	12
4	മഹിമ ധനേഷ്, പണ്ടാരപ്പറമ്പിൽ	11
5	ശ്രീരാഗ്കൃഷ്ണ,പണ്ടാരപ്പറമ്പിൽ	12
6	മണികണ്ഠൻ എ.എസ്, അരീപ്പറമ്പിൽ	3
7	ശ്രുതി സുരേഷ്, തുണ്ടിപ്പറമ്പിൽ	3
8	ക്ലാരിൻ ടിസ്സ ഗോൺസാൽവസ്, പള്ളിപ്പറമ്പിൽ	4

മേൽ വിദ്യാർത്ഥികൾക്ക് ഗ്രാമസഭയുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്നറിയിച്ച് എൻക്വയറി (നം- 11/14.08.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിന്റെ മിനിറ്റ്സ് ഹാജരാക്കുകയുണ്ടായി (തീയതി-29.09.20) എന്നാൽ ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല. എല്ലാ ഗുണഭോക്താക്കൾക്കും ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെന്നുറപ്പാക്കിയെന്നാണ് നിർവഹണോദ്യോഗസ്ഥ വിശദീകരിച്ചത്. തയ്യാറാക്കിയ ലിസ്റ്റിൽ മാറ്റം വരുത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്താൻ പഞ്ചായത്ത് കമ്മിറ്റിക്കും നിർവഹണോദ്യോഗസ്ഥനും സാധിക്കുമെങ്കിലും അർഹരെ കൂട്ടിചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണമെന്നാണ് മാർഗരേഖയിൽ നിഷ്കർഷിക്കുന്നത്. (സ.ഉ.(കൈ)നം-11/2018/ ത.സ്വ.ഭ.വ,തീയതി-29.01.2018 ഖണ്ഡിക-11.3 (15). ആയതിനാൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള എട്ട് വിദ്യാർത്ഥികൾക്കും ഗ്രാമ സഭ അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് തെളിയിക്കുന്ന അതത് ഡിവിഷനിലെ ഗ്രാമസഭ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-15 സൂതികപരിചരണം പദ്ധതി - അപാകതകൾ

പ്രൊ.നം.255/21- സൂതികപരിചരണ പദ്ധതി

അടങ്കൽ - 160000 (പ്ളാൻ-ജനറൽ)

ചെലവ് -160000

ബിൽ നമ്പറും തിയതിയും - 46/11.2.21

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവേദം)

A. -മരുന്ന് ലഭ്യമായിട്ടില്ല

2020-21 വർഷത്തിൽ സൂതികപരിചരണ പദ്ധതിക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം 160000 രൂപ മുൻകൂറായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഔഷധിയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആവശ്യമായ മരുന്നുകളുടെ പട്ടിക ഉൾപ്പെടുത്തിയുള്ള ഇന്റന്റ് സഹിതമാണ് തുക കൈമാറിയത്. പദ്ധതി പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

ലഭിച്ച തിയതി	ഇൻവോയ്സ് നമ്പർ	മരുന്നിന്റെ വില
11.4.21	90204032	125333
23.7.21	90214195	12271
ആകെ		137604

160000 രൂപ മുൻകൂറായി നൽകിയതിൽ 137604 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. 22396 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

പദ്ധതിക്കായി നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പദ്ധതി കാലയളവിനകം ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ നിർവഹണ ഉദ്യോഗസ്ഥ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം.14/15.8.21) മറുപടിയായി പ്രൊജക്റ്റ് തുടങ്ങാൻ വൈകിയതിനാലാണ് മരുന്നുകൾ ലഭിക്കാൻ കാലതാമസം ഉണ്ടായത് എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B. <u>ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായില്ല</u>

ഔഷധിയുടെ ഇൻവോയ്സ് നമ്പർ 90204032/25.3.21 Sl.no- 14 പ്രകാരം ഉരമരുന്ന് ഗുളിക 100 എണ്ണം വീതമുള്ള 8 പാക്കറ്റ് (8*96 – 768 രൂപ) നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്ന് ലഭിച്ചിട്ടില്ല എന്ന് നിർവഹണഉദ്യോഗസ്ഥൻ ഇൻവോയ്സിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്. ഔഷധിയെ വിവരം അറിയിച്ചിട്ടുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുലള്ളത്.തുടർനടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

<u>C.മരുന്ന് സ്റ്റോക്കിലെടുത്തതിലെ അപാകതകൾ</u>

ഔഷധിയുടെ ഇൻവോയ്സ് നമ്പർ 90204032/25.3.21 – Sl.no- 7 പ്രകാരം ദ്രാക്ഷാദി കഷായം 450 Ml. എന്ന മരുന്ന് 43 എണ്ണമാണ് ലഭിച്ചത്. എന്നാൽ സ്റ്റോക് രജിസ്റ്റർ പേജ് 8 പ്രകാരം 11.4.21 ന് മേൽപറഞ്ഞ ഇൻവോയ്സിലെ Sl.no - 7 പ്രകാരം ദ്രാക്ഷാദി കഷായം (200ml) 192 എണ്ണം ലഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 36 Bottle ഇഷ്യു ചെയ്തതായും ബാക്കി 156 Bottle അവശേഷിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണ് എന്നും തെറ്റ് തിരുത്തുന്നതാണ് എന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്റ്റോക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മെഡിക്കൽ ഓഫീസർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക് ഭൌതികപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതും സ്റ്റോക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

<u>1-16 ആയുർവേദമരുന്ന് - ലഭ്യമായിട്ടില്ല</u>

പ്രൊജക്റ്റ് - ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ (110/21)

അടങ്കൽ - 6,00,000 (MG-NR)

ചെലവ് -600000

ബിൽ നമ്പറും തിയതിയും - 108/25.7.20 – 75000

- 138/28.8.20 - 225000

- 242/24.12.20 - 300000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആയുർവേദം)

2020-21 വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം 600000 രൂപ മുൻകൂറായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഔഷധിയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 11.9.20 ന് കരാർ ഒപ്പുവച്ചിട്ടുമുണ്ട്.തുക നൽകി ഒരു വർഷത്തോളമായെങ്കിലും നാളിതുവരെ 590600 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 9400 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഔഷധിയെ രേഖാമൂലം വിവരം അറിയിച്ചിട്ടുണ്ട് എന്നാണ് നിർവഹണഉദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറി -(14/15.8.21) ന് മറുപടി നൽകിയത്.

ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യതക്കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ തുടർനടപടികൾ സ്വീകരിച്ച് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-17 ഗുണഭോക്താക്കളുടെ അർഹതാരേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല

പ്രൊജക്റ്റ് – എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം (128/20-21)

അടങ്കൽ - 130500 (പ്ലാൻ - എസ്.സി.പി)

ചെലവ് - 75000

ബിൽ നമ്പർ - 1/20.4.20

പദ്ധതി പ്രകാരം 4 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന 2 വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്നതിനുള്ള രേഖ എന്നിവ ഹാജരാക്കിയിട്ടില്ല.

1. ശ്യാം മനോഹർ

2. ആകാശ് സുനിൽ

കൂടാതെ സമീർ സാഗർ എന്ന ഗുണഭോക്താവും എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി - 13/15.8.21 - മുഖേന രേഖകൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രം ധനസഹായം അനുവദിക്കേണ്ടതുമാണ്.

1-18 സ്കൂളിന് മൈക്ക് സെറ്റും അനുബന്ധഉപകരണങ്ങളും വാങ്ങൽ പദ്ധതി - അപാകതകൾ

പ്രൊജക്റ്റ് – ഫിഷറീസ് എൽ. പി. സ്കൂളിന് മൈക്ക്സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (167/21)

അടങ്കൽ - 50000 (പ്ലാൻ-ജനറൽ)

ചെലവ് - 49006

ബിൽ നമ്പർ -3/21.5.20

നിർവഹണം - ഹെഡ്മാസ്റ്റർ

ഫിഷറീസ് എൽ. പി. സ്കൂളിന് മൈക്ക്സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം 6.2.20 ന് ലോക്കൽ ക്വട്ടേഷൻ ക്ഷണിച്ചാണ് പർച്ചേസ് നടത്തിയത്. പ്രൊക്യൂർമെന്റ് മാർഗരേഖ (G.O(p)259/10/lsgd 8.11.2010) സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവ പ്രകാരം ക്വട്ടേഷൻ നോട്ടീസിൽ ബ്രാന്റ്

നെയിം പരാമർശിക്കാവുന്നതല്ല.ഓരോ ഇനത്തിന്റെയും കൃത്യമായ സ്പെസിഫിക്കേഷനാണ് ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ നിർവഹണഉദ്യോഗസ്ഥൻ ക്വട്ടേഷൻ നോട്ടീസിൽ എല്ലാ ഇനങ്ങളുടെയും ബ്രാന്റ് നെയിം രേഖപ്പെടുത്തിയിരുന്നു (അഹുജ സ്പീക്കർ SR X -220,Ahuja Speaker Stand STA 150, Studio Master Microphone SM 650 X LR എന്നിങ്ങനെ). അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്- 13/15.8.18- മറുപടി ലഭ്യമായില്ല. വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് / പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് സുതാര്യത, മത്സരം, മിതവ്യയത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകളിലെ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-19 സമഗ്ര ശിക്ഷ അഭിയാൻ - വിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട്- സമഗ്ര ശിക്ഷ അഭിയാൻ (41/21)

അടങ്കൽ - 1100000 (പ്ലാൻ)

ചെലവ് - 826494

ബിൽ നമ്പർ -4/8.10.20

നിർവ്വഹണം – ഹെഡ്മാസ്റ്റർ

സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം 826494 രൂപ എസ്.എസ്.എ. ജില്ലാ പ്രൊജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.എ. യുടെ 25.8.20 ലെ കത്ത് A1 -133/20/ekm/ssk പ്രകാരം നൽകിയ എസ്റ്റിമേറ്റ് പ്രകാരം യൂണിഫോം, അധ്യാപകർക്കുള്ള ട്രെയിനിംഗ്, സ്പോർട്സ് & ഫിസിക്കൽ എജ്യുക്കേഷൻ, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് തുടങ്ങി വിവിധ ഇനങ്ങൾക്കുള്ള പ്രതീക്ഷിത ചെലവ് തുകയാണ് 826494/-.
2020 -21 വർഷത്തിൽ കോവിഡ് മാനദണ്ഡങ്ങളെ തുടർന്ന് വിദ്യാലയങ്ങൾ പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ മേൽപറഞ്ഞ പല ഇനങ്ങളിലും ചെലവുണ്ടാകാൻ സാധ്യതയില്ല.

മുൻകൂറായി നൽകിയ 826494 രൂപ ചെലവഴിച്ചു എന്ന സാക്ഷ്യപത്രം മാത്രമാണ് എസ്.എസ്.എ. കോർഡിനേറ്റർ നൽകിയിട്ടുള്ളത്. ഓരോ ഇനത്തിലുമുള്ള ചെലവിന്റെ വിവരം എസ്.എസ്. എ. യിൽ നിന്നും ലഭ്യമാകുമോ എന്നന്വേഷിക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്- 13/15.8.21- മറുപടി ലഭ്യമായില്ല. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഫർണീച്ചർ പർച്ചേസ് - നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് – ഫിഷറീസ് എൽ. പി. സ്കൂളിന് ഫർണീച്ചർ (129/21)

അടങ്കൽ - 100000 (MG -NR)

ചെലവ് - 99398

ബിൽ നമ്പർ -2/20.4.20

നിർവ്വഹണം – ഹെഡ്മാസ്റ്റർ

2019-20 വർഷത്തിൽ 43/20-ാം നമ്പരായി ആവിഷ്കരിച്ച പദ്ധതി 2020-21 ലാണ് നടപ്പിലാക്കിയത്. പദ്ധതി പ്രകാരം പത്രപരസ്യം നൽകി ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ നിർവഹണോദ്യോഗസ്ഥന്റെ ശുപാർശ പ്രകാരം ഫർണീച്ചർ KSIE എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാൻ 22.11.19 ലെ പർച്ചേസ് കമ്മിറ്റിയും 25.11.19 ലെ ഭരണസമിതിയും തീരുമാനിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി

മാർഗ്ഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം മതിപ്പു വില 25000 രൂപയ്ക്ക് മുകളിലും 100000 രൂപയ്ക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ വിതരണക്കാരിൽ നിന്നും സാധനസമാഹരണം നടത്തേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടികയിലെ പദ്ധതി പ്രകാരം KSIE എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് ഫർണീച്ചർ വാങ്ങിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിന് പകരം നേരിട്ട് KSIE യിൽ നിന്ന് വാങ്ങിയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഫർണീച്ചർ വാങ്ങുന്നതിനുള്ള റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ KSIE ഉൾപ്പെട്ടിട്ടില്ല. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ KSIE യിൽ നിന്നും നേരിട്ടു വാങ്ങാവുന്നതാണെന്ന സർക്കാർ ഉത്തരവും ലഭ്യമാക്കിയിട്ടില്ല. അർഹതയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.
വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത, മത്സരം, മിതവ്യയത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകങ്ങൾ ഒഴിവാക്കേണ്ടതും.വാങ്ങലുകളിൽ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 13/15-8-21 ന് വിശദീകരണം ലഭ്യമായില്ല.)

1-21 ബൂസ്റ്റിംഗ് സ്റ്റേഷനും അനുബന്ധ ഉപകരണങ്ങളും - നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് - മുളവുകാട് ഗ്രാമ പഞ്ചായത്ത് 7 വാർഡിൽ ബൂസ്റ്റിംഗ് സ്റ്റേഷനും അനുബന്ധ ഉപകരണങ്ങളും (254/21)

അടങ്കൽ - തനത് ഫണ്ട്

ചെലവ് - ഡി.ഡി. നമ്പർ - 386284/5.11.20 – 180000/-
നിർവ്വഹണം – സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 2,3,4 വാർഡുകളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി ബൂസ്റ്റിംഗ് സ്റ്റേഷനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുവാനാണ് തുക ചെലവഴിച്ചത്. വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 180000 രൂപ അടിയന്തിരമായി ഡെപ്പോസിറ്റ് ചെയ്യുവാനും തുടർന്ന് പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിക്കാവുന്നതാണ് എന്നും 3.11.20 തിയതിയിലെ കമ്മിറ്റി തീരുമാനിക്കുകയും 5.11.20 ന് തുക വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ഡി.പി.സി അംഗീകാരം പിന്നീട് ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി എന്ന് മുതൽ പ്രവർത്തനക്ഷമമായി എന്നും പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 26/22.8.21 ന് മറുപടി ലഭ്യമായില്ല. KWA യിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

3.11.20 ലെ കമ്മിറ്റി തീരുമാനപ്രകാരം 15122 രൂപ വൈദ്യുതി ബോർഡിലും വൈദ്യുതി ബോർഡിലും ഡെപ്പോസിറ്റ് ചെയ്തതായി ഫയലിൽ(കത്ത് നം - A2-6300/20/8.12.20) രേഖപ്പെടുത്തിയിട്ടുണ്ട്. സെൽഫ് ചെക്കായി പിൻവലിച്ച തുക ക്യാഷായാണ് വൈദ്യുതി ബോർഡിൽ ഒടുക്കി എന്ന് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൗച്ചർ തയ്യാറാക്കിയതായി കാണുന്നില്ല. തുക KSEB കൈപ്പറ്റിയതിനുള്ള രസീതിയോ കരാറോ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതുമാണ്.

1-22 ഡെപ്പോസിറ്റ് പ്രവൃത്തി -നടപടിക്രമം പാലിച്ചില്ല

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (122/21) എന്ന പദ്ധതിക്കായി 200000

രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും സെക്രട്ടറി താഴെ പറയും പ്രകാരം തുക വൈദ്യുതി ബോർഡിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം	വൗച്ചർ നമ്പരും തിയതിയും	ചെലവ്	റിമാർക്സ്
1	22000332/10.8.20	54833	--
2	22000378/24.8.20	11186	അപ്രോപ്രിയേഷൻ രജിസ്റ്ററിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല
3	ചെക്ക് - 630913/29.1.21	11788	-Do-
4	22000794/5.2.21	43390	-Do-
5	22000840/19.2.21	41105- Ward 5 38374 - Ward 4	അപ്രോപ്രിയേഷൻ രജിസ്റ്ററിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല വിനിയോഗവിവരം ലഭിച്ചിട്ടില്ല

തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് ചെലവുപത്രികയിലും ഉൾപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി.യും നിർവഹണഉദ്യോഗസ്ഥയും തമ്മിൽ കരാർ ചമച്ചതായും കാണുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്ത് സമയപരിധിക്കകം പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കേണ്ടതുമാണ്.

1-23 ഫിഷറീസ് സ്കൂളിന് സ്ഥലം വാങ്ങൽ - പദ്ധതി നടപ്പിലായില്ല

പ്രൊജക്ട് -ഗവ.ഫിഷറീസ് സ്കൂളിന് സ്ഥലം വാങ്ങൽ

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ഫിഷറീസ് സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 10 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി 2018-19 ൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20(നം- 121/20) & 20-21ലും (നം-140/21) പദ്ധതിക്ക് സ്പിൽ ഓവർ അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പിലായില്ല.

ഓഡിറ്റിന് സമർപ്പിച്ച രേഖകളനുസരിച്ച് ശ്രീ. ധനഞ്ജയൻ എന്ന വ്യക്തി സ്കൂൾകെട്ടിടം നിർമിക്കുന്നതിനായി സ്ഥലം നൽകുന്നതിന് സന്നദ്ധത അറിയിക്കുകയും 31.10.19 ലെ കമ്മിറ്റി തീരുമാനപ്രകാരം സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് ലീഗൽ ഒപിനിയനും എ.ഇ.യുടെ റിപ്പോർട്ടും വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം CRZ 3 സോണിൽ ഉൾപ്പെട്ടതായതിനാൽ സ്പഷ്ടീകരണത്തിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിലേക്ക് കത്ത് നൽകാൻ 7.3.20 ലെ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ്കൂളിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി നടപ്പാക്കാത്തതിന്റെ കാരണങ്ങൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് - 27/22.8.21-മറുപടി ലഭിച്ചിട്ടില്ല. സ്കൂൾ നിർമ്മിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുമ്പോൾ സ്ഥലലഭ്യത സംബന്ധിച്ച് പ്രാഥമിക അന്വേഷണങ്ങളൊന്നും നടത്താതിരുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. അതിനാൽ പദ്ധതിക്കായി വകയിരുത്തിയ ഫണ്ട് വിനിയോഗിക്കാനും കഴിഞ്ഞില്ല. നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളിന് സ്ഥലം കണ്ടെത്തി പദ്ധതി ആവിഷ്കരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-24 വള്ളവും വലയും-പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട്	S0020/21

	മത്സ്യബന്ധനവള്ളവും വലയും
അടങ്കൽ	1,12,000/- 90,000/-(വികസന ഫണ്ട്) 30,000/- (ഗുണഭോക്തൃവിഹിതം)
ചെലവ്	89,400/-(വികസന ഫണ്ട്) 1)ബിൽ.നം-3/20-21, തീയതി-17.03.21 തുക-16500/- 2)ബിൽ.നം-4/20-21, തീയതി-17.03.21 തുക-72500/-

2020-21 വർഷം ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിലൂടെ പി.ആർ അംഗതൻ, പി.ഡി.ചന്ദ്രബോസ്, വി.പി.ഉണ്ണി, ഉർവശി വിജയൻ എന്നീ നാല് മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സബ്സിഡി മാർഗരേഖ പ്രകാരം 8 വർഷത്തിലൊരിക്കൽ മാത്രമാണ് മേൽ ആനുകൂല്യം ലഭിക്കുവാൻ ഗുണഭോക്താവിന് അർഹതയുള്ളത്. മാത്രമല്ല ഗുണഭോക്താക്കൾ നിലവിൽ വള്ളം സ്വന്തമായി ഇല്ലാത്തവരുമാവണം. (സ.ഉ.(കൈ) നം-22/2018/ ത.സ്വ.ഭ.വ തീയതി-14.02.2018 ഖണ്ഡിക -6.3ബി 6.2, 6.4) ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വള്ളം സ്വന്തമായി ഇല്ലായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമായില്ല .ആനുകൂല്യം കൈപ്പറ്റിയ നാല് ഗുണഭോക്താക്കൾക്കും വള്ളം ഉണ്ടായിരുന്നില്ലായെന്ന വസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ് എൻക്വയറിയുടെ (നം-10/14.08.2021) മറുപടിയിൽ അറിയിച്ചത്. മാർഗരേഖ പ്രകാരം ആയതുറപ്പാക്കേണ്ടതിനാൽ മേൽ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള ക്ഷേമനിധി പാസ് ബുക്കിലെ പേജ് (കൈവശമുള്ള മത്സ്യബന്ധനോപകരണങ്ങളുടെ വിവരങ്ങൾ-വള്ളം,വല,എൻജിൻ)) പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ആകെ 61 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ആനുകൂല്യം ലഭിച്ച നാല് ഗുണഭോക്താക്കളുടെ ലിസ്റ്റിലെ സ്ഥാനം ഇപ്രകാരമായിരുന്നു

പി.ആർ.അംഗതൻ-ക്രമനം 1

പി.ഡി.ചന്ദ്രബോസ്-ക്രമനം 6

ഉർവശി വിജയൻ- ക്രമനം 9

വി.പി.ഉണ്ണി-ക്രമനം 15.

ക്രമ.നം 3 മുതൽ 5 വരെയും 7ഉം 8ഉം 10 മുതൽ 15 വരെയുമുള്ള ഗുണഭോക്താക്കളെ പരിഗണിക്കാതെയാണ് അംഗതൻ ഒഴികെയുള്ള മറ്റ് മൂന്ന് വ്യക്തികളെ തിരഞ്ഞെടുത്തിട്ടുള്ളത്.ഗുണഭോക്താക്കളെ പരിഗണിക്കാതിരുന്നതിന്റെ കാരണം ഫയലിലോ ലിസ്റ്റിനനുബന്ധമായോ രേഖപ്പെടുത്തിയിരുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് ക്ഷേമനിധി അംഗത്വമില്ലാത്തവർ, സമയപരിധിക്കകം അപേക്ഷ സമർപ്പിക്കാത്തവർ, ഗുണഭോക്തൃവിഹിതം അടവാക്കാത്തവർ എന്നീ കാരണങ്ങളാലാണ് ടി ഗുണഭോക്താക്കൾ ഒഴിവാക്കപ്പെട്ടതെന്നറിയിച്ചു. ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനക്രമത്തിൽ മാറ്റം വരുത്തി ആനുകൂല്യം അനുവദിക്കുമ്പോൾ അല്ലെങ്കിൽ ആദ്യസ്ഥാനത്തുള്ളവരെ മറികടന്ന് തുടർന്നുള്ളവരെ ആനുകൂല്യത്തിനായി പരിഗണിക്കുമ്പോൾ ആയതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നറിയിക്കുന്നു.

1-25 അങ്കണവാടികൾ-ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

അങ്കണവാടികൾ	23
വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	10

കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ്	എല്ലാ അങ്കണവാടികൾക്കും ഉണ്ട്.
ചുറ്റുമതിൽ ഇല്ലാത്തവ	3
ഫിറ്റ്നസ്	എല്ലാ അങ്കണവാടികൾക്കും ലഭ്യമായിട്ടുണ്ട്.
കെട്ടിട നിർമാണത്തിന് സ്ഥലം ലഭ്യമായത്	1
ലഭ്യമായ ഭൂമിയിൽ കെട്ടിടനിർമാണം പൂർത്തിയായത്	2
കളിയുപകരണങ്ങളും മറ്റ് സാധനസാമഗ്രികളും	എല്ലാ സെന്ററുകൾക്കും ലഭ്യമാണ്.

പഞ്ചായത്തിൽ 16 വാർഡുകളിലായി 23 അങ്കണവാടികളാണുള്ളത്. 13 അങ്കണവാടികൾ 1984 ലും 9 അങ്കണവാടികൾ 2007 ലും 1 അങ്കണവാടി 2011 ലും ആണ് പ്രവർത്തനം ആരംഭിച്ചത്. ഇതിൽ 10 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ല. ആയിരം മുതൽ നാലായിരം രൂപ വരെ ഉയർന്ന തുക വാടകയായി നൽകി വിവിധ കെട്ടിടങ്ങളിലാണ് ടി അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നത്. വാർഷിക പദ്ധതിയിലുൾപ്പെടുത്തിയോ സ്പോൺസർഷിപ്പിലൂടെയോ ഇവയ്ക്ക് കെട്ടിടം പണി കഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വർഷങ്ങളായി നൽകി വരുന്ന വാടകയിനത്തിലുള്ള ചെലവ് ലഘൂകരിക്കേണ്ടതാണ്.

കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് എന്നീ അടിസ്ഥാന സൌകര്യങ്ങൾ എല്ലാ അങ്കണവാടികൾക്കും ഉണ്ടെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചതെങ്കിലും (എൻക്വയറി നം-12/14.08.2021) ഏഴ് അങ്കണവാടികൾക്ക് ശുദ്ധജല കണക്ഷൻ ലഭ്യമല്ലായെന്നാണ് 2019-20, 2020-21 വർഷങ്ങളിലെ കരട് പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ചുറ്റുമതിൽ ഇല്ലാതെ മൂന്ന് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട് (സെന്റർ നം- 97,101,83) സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇവയ്ക്ക് ചുറ്റുമതിൽ നിർമിക്കുന്നതിനും ശുദ്ധജല കണക്ഷനില്ലാത്ത അങ്കണവാടികൾ ഉണ്ടെങ്കിൽ അവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യവുമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

99ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടനിർമാണത്തിന് ഭൂമി ലഭ്യമായതായി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ നിർമാണം ആരംഭിച്ചിട്ടില്ല. 79, 86-ാം നമ്പർ അങ്കണവാടി കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായിട്ടുണ്ട് എന്നാൽ ഉദ്ഘാടനം നടത്തിയിട്ടില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഉചിതമായ വേളയിൽ അങ്കണവാടികളുടെ പ്രവർത്തനം പുതിയ കെട്ടിടങ്ങളിൽ ആരംഭിച്ച് വിവരമറിയിക്കേണ്ടതാണ്.

സബ് സിഡി മാർഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം {സ.ഉ (കൈ)നം- 11/2018/ത.സ്വ.ഭ.വ. തീയതി-29.01.2018, ഖ-7.8.2(2)} പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന ലക്ഷ്യം മുൻ നിർത്തി പ്രവർത്തിക്കേണ്ടതും അതിലേക്ക് ബ്ലോക്ക്-ജില്ല പഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

1-26 ഭിന്നശേഷിക്കാർക്ക് ഉപകരണം-ആവശ്യമായ മുഴുവൻ ഉപകരണങ്ങളും വാങ്ങി നൽകിയില്ല

പ്രോജക്ട്	ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ 104/21
അടങ്കൽ	350000/-(ബ്ലോക്ക് വിഹിതം)
ചെലവ്	149877/-(ബ്ലോക്ക് വിഹിതം) (NEFT)

പദ്ധതിക്കായി 350000/-രൂപ വകയിരുത്തിയതിൽ 149877/-രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവഴിക്കുവാൻ

പദ്ധതിപണം അവശേഷിച്ചിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഡോക്ടറുടെ ശുപാർശയനുസരിച്ചുള്ള മുഴുവൻ ഉപകരണങ്ങളും വാങ്ങി നൽകിയില്ല.

ക്രമ നം	പേര്,വിലാസം	ഡോക്ടർ നിർദ്ദേശിച്ച ഉപകരണങ്ങൾ	റിമാർക്സ്
1	മാളവിക.വി.എസ് വിഷ്ണുപ്രിയ,മുളവുകാട് 80%വൈകല്യം	സ്റ്റാറ്റിക്ക്സൈക്കിൾ, കമ്മോഡ്ചെയർ, തെറാപ്പി മാറ്റ്	കമ്മോഡ്ചെയർ നൽകിയില്ല.
2	ദേവിക.പി.ജെ പണ്ടാരപ്പറമ്പിൽ,പോഞ്ഞിക്കര 60%വൈകല്യം	സെൻസറികിറ്റ്, തെറാപ്പിമാറ്റ്, സ്റ്റാറ്റിക്ക്സൈക്കിൾ	തെറാപ്പിമാറ്റ്, സ്റ്റാറ്റിക്ക്സൈക്കിൾ എന്നിവ നൽകിയില്ല
3	ജിഫ്ന ട്രീസ എ.ജെ അടുവാക്കൽ, പനമ്പുകാട് 60%വൈകല്യം	ഫോൾഡർ വാക്കർ സ്റ്റാറ്റിക്ക്സൈക്കിൾ	ഫോൾഡർ വാക്കർ നൽകിയില്ല
4	ജീന പി ജി പള്ളത്തുപറമ്പിൽ, പോഞ്ഞിക്കര 55%വൈകല്യം	ക്രോംപ്ലേറ്റഡ് വീൽചെയർ, തെറാപ്പി മാറ്റ്	ക്രോംപ്ലേറ്റഡ് വീൽ ചെയർ നൽകിയില്ല.

ഫണ്ടുണ്ടായിരുന്നിട്ടും ഗുണഭോക്താക്കൾക്ക് അവശ്യ ഉപകരണങ്ങൾ വാങ്ങി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം- 20/17.08.21)മറുപടി നൽകിയില്ല.

1-27 ലൈഫ് ഭവനം- നിർമാണം പൂർത്തീകരിച്ചില്ല

പ്രോജക്ട്.നം/ പേര്	6/21, ലൈഫ് ഭവനം (എസ്.സി)
അടങ്കൽ	1407400/-:വികസനഫണ്ട് SCP 1200000/-:സംസ്ഥാന വിഹിതം 500000/- : ബ്ലോക്ക് വിഹിതം 500000/-:ജില്ലപഞ്ചായത്ത് വിഹിതം 500000/- : മറ്റുള്ളവ
ചെലവ്	1407400/-:വികസനഫണ്ട് 32,000/-: സംസ്ഥാന വിഹിതം
നിർവഹണം	വി.ഇ.ഒ മുളവുകാട് സർക്കിൾ

ലൈഫ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താവ്, നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി എർപ്പെട്ട കരാർ പ്രകാരം (നിബന്ധന 4) കരാറിൽ ഏർപ്പെട്ട തീയതി മുതൽ 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെടുകയും എന്നാൽ നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെക്കൊടുക്കുന്നു.

ഗുണഭോക്താവിന്റെ പേര്	കരാർ തീയതി	നാളിതുവരെ കൈപ്പറ്റിയ തുക
ഗീത മദനൻ, പുളിക്കത്തറ	05/11/20	3,00,000/-
ജയനാരായണൻ,കുയിലത്തുപറമ്പിൽ	04/11/20	40,000/-

കരാറിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സമയ ബന്ധിതമായി (6 മാസം) ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

വിധവയായ ജയ നാരായണൻ എന്ന ഗുണഭോക്താവും വിവാഹ മോചിതയായ മകളും ലൈഫ് പദ്ധതിയുടെ

ഗുണഭോക്താക്കളാണ്. ഒരേ ദിവസം കരാർ ചമച്ച ഇവരിൽ മകളായ രാജി ഭവനനിർമാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. സാമ്പത്തിക പരാധീനതകൾ മൂലം ഒരാളുടെ ഭവനനിർമാണം പൂർത്തിയായതിന് ശേഷം അടുത്തയാളുടെ ആരംഭിക്കാമെന്ന് കരുതിയതിനാലാണ് കാലതാമസം ഉണ്ടായതെന്നും ഇപ്പോൾ നിർമാണം ആരംഭിച്ചിട്ടുണ്ടെന്നും വിശദീകരിച്ചു.

ഗീത മദനൻ എന്ന ഗുണഭോക്താവ് ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ച് വീട് നമ്പർ ലഭിച്ചുവെന്നും അറിയിച്ചു. ടിയാൻ വീട് നമ്പറും കരാർ പത്രികയും ഹാജരാക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ജയ നാരായണൻ എന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണം കാലതാമസം കൂടാതെ പൂർത്തിയാക്കുവാനും ഗീത മദനൻ എന്ന ഗുണഭോക്താവിന് അവസാന ഗഡു തുക അനുവദിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-28 മരാമത്ത് പണികൾ - പി.ഡബ്ല്യു.ഡി മാന്വൽ വ്യവസ്ഥകൾ - പാലിക്കപ്പെടുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012 - ലെ ജി.ഒ.(പി)നം. 13/12/പി.ഡബ്ല്യു.ഡി - ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്)നം.270/12/ത.സ്വ.ഭ.വ-ഉത്തരവ് പ്രകാരം,പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായിട്ടുണ്ട്.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പി.ഡബ്ല്യു.ഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/ത.സ്വ.ഭ.വ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) മിക്ക അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.4/10.08.2021)ലഭിച്ച മറുപടിയിൽ പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ ഭാഗമാക്കുന്നതിനെക്കുറിച്ച് അറിവുണ്ടായിരുന്നില്ല എന്നും, പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

1-29 കരാറുകാരുടെ ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം സ്ഥാപനത്തിലെ മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി.എസ്.ആർ, കോസ്റ്റ് ഇൻഡക്സ് എന്നിവയിൽ ജി.എസ്.ടി. ഉൾപ്പെട്ടിട്ടുണ്ട്. 12% ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പടെയുള്ള തുകയ്ക്കാണ് മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 2% ജി.എസ്.ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി. എസ്. ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി.എസ്. ടി. ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയ്സുകൾ ഇല്ലാതെ തന്നെ ജി.എസ്.ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ജി.എസ്.ടി. ഇൻവോയിസ് പരിശോധനയ്ക്കായി ലഭ്യമാക്കാതിരുന്നതിനാൽ നികുതി ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി ഇൻവോയ്സ് ഉൾപ്പെടുത്താതെ കരാറുകാരന് തുക നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.01/10.08.2021) ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ കരാറുകാർ മിക്കവരും പലിശയ്ക്ക് പണമെടുത്തിട്ടാണ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതെന്നും, ജി.എസ്.ടി മുൻകൂട്ടി അടവാക്കിയാൽ വളരെയധികം പ്രയാസങ്ങൾ കരാറുകാർക്ക് ഉണ്ടാകുമെന്നും വിശദീകരിച്ചു. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി നടക്കാത്ത സാഹചര്യമുണ്ടാകുമെന്നും അറിയിച്ചു. കരാറുകാരിൽ നിന്നും ജി.എസ്.ടി ഇൻവോയ്സ് വാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ(അച്ചടി)നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP /1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം. 2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor)അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും മേൽ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനിയർ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നതിന്റെ കാരണവും, തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പാക്കാതിരുന്നതിന് വിശദീകരണവും നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.3/10.08.2021)ലഭിച്ച മറുപടിയിൽ പുതുതായി നടപ്പാക്കുന്ന പ്രവൃത്തികളിൽ ഇത്തരമൊരു സെൽഫ് ഡിക്ലറേഷൻ കരാറുകാരിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നതാണെന്നും വ്യക്തമാക്കുകയുണ്ടായി. ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-31 ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നു

സർക്കാർ ഉത്തരവ്(കൈ)നം.11/2018/ത.സ്വ.ഭ.വ, തീയതി. 29.01.2018) തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗിന് ഇത് വിനിയോഗിക്കരുതെന്ന് മുൻ വർഷത്തെ പദ്ധതി രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 18.09.2017 ലെ ഡി.എ1/ 672/2017/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിക്കാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രവൃത്തിയുടെ പേര്	ചെലവ് തുക
178/21	വല്ലാർപാടം സെന്റ് ആന്റണീസ് റോഡ്,വാർഡ്-14	94310
184/21	മാറാടി കോളനി റോഡ്-അറ്റകുറ്റപ്പണി,വാർഡ്- 4	301500
189/21	പരുത്തിച്ചോട് റോഡ്-നിർമ്മാണം,വാർഡ് -13	470441
192/21	എച്ച്.ഐ.എച്ച്.എസ് നോർത്ത്-പുത്തൻതറ റോഡ് തുടർച്ച,വാർഡ് 9	143614
194/21	പള്ളത്ത്പറമ്പ് റോഡ് വെസ്റ്റ് റോഡ്,വാർഡ്-11	456850
197/21	കാപ്പിക്കടവാരം റോഡ്,വാർഡ് 14	396281
198/21	സെന്റ് ആന്റണീസ് ഇ.പി.എസ് റോഡ്,വാർഡ് 14	92767

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/16.08.2021) മറുപടി നൽകിയിട്ടില്ല. വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ്, വർക്കിംഗ് ഗ്രൂപ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ഈ വിഷയത്തിൽ ചർച്ചകൾ നടന്നതായി കാണുന്നില്ല. ഭാവിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-32 ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രൊജക്ട് നം. 33, ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200000/- രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 200000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി 07.01.2021 ലെ ബിൽ നം.01/2020-21 പ്രകാരം 200000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. PF-1019/01.12.2020) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും 10635/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് (ഇൻവോയ്സ് നം. LF 114A/31.05.2021).

ബാക്കിയുള്ള തുകയായ 189365/- (200000-10635) രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം അറിയിക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/11.08.2021) മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്

ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 325 പൊതു ടാപ്പുകൾക്കുള്ള തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നു. ടാപ്പൊന്നിന് 5250/-രൂപ നിരക്കിൽ ഈയിനത്തിൽ ഒരു വർഷത്തിൽ 1706250/-രൂപ വെള്ളക്കരം അടവാക്കേണ്ടതുണ്ട്. ആയത് 12 ഗഡുക്കളായി നിശ്ചയിച്ച് പ്രതിമാസം 142188/-രൂപ ഇതിനായുള്ള പ്രത്യേക പദ്ധതി പ്രകാരം അടവാക്കുന്നത്. പൊതു ടാപ്പുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കാത്തത് കാരണം കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലാണോ വെള്ളക്കരം ഒടുക്ക് വരുന്നതുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/17.08.2021) മറുപടി നൽകിയിട്ടില്ല.

അപാകങ്ങൾ

- പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
- പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ഓഡിറ്റ് വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് ജലഅതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1.പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനായി ഹൗസ് കണക്ഷനുകൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

2.സ.ഉ(സാധാ)നം.1275/09 തിയ്യതി 30.5.2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കാര്യക്ഷമമാക്കൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-34 അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടം 5 പ്രകാരം അസാധാരണ ചെലവിനങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന നമ്പർ, തീയതി, ആകെ ചെലവ് തുക എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് വർഷങ്ങളിൽ അസാധാരണ ചെലവുകൾ നടന്നിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ചട്ട പ്രകാരമുള്ള അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചട്ട പ്രകാരമുള്ള അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് കാലിക്കമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/17.08.2021)

1-35 കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് (അക്കൌണ്ട് നം. 3624001800000019) തുക

നൽകിയിട്ടുണ്ട്.

എ) പ്രൊജക്ട് നം. 107/21, പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 400000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട്

ചെലവ് - 400000/- രൂപ (ബിൽ നം. 17/20-21/12.03.2021)

പ്രൊഫോർമ ഇൻവോയ്സ് നം./തീയതി	തുക	റിമാർക്ക്സ്
PRF4984/01.02.2021	300000	മരുന്നുകൾ ലഭിച്ചിട്ടില്ല
PRF4983/01.02.2021	100000	,,

ബി) പ്രൊജക്ട് നം. 169/21, സാന്ത്വന പരിചരണം (സ്പിൽ ഓവർ)

അടങ്കൽ - 393636/- രൂപ

ഫണ്ട് – 1. വികസന ഫണ്ട് (പൊതു വിഭാഗം) – 293636/- രൂപ, 2. തനത് ഫണ്ട് – 100000/- രൂപ

ചെലവ് - 289917/- രൂപ (വികസന ഫണ്ട് (പൊതു വിഭാഗം) – 289917/- രൂപ)

പ്രൊഫോർമ ഇൻവോയ്സ് നം./തീയതി	തുക	ബിൽ നം./തീയതി	റിമാർക്ക്സ്
PRF4140/25.01.2021	169917	03/20-21 /30.05.2020	1286/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല
PRF6647/26.03.2021	120000	03/20-21 /29.03.2021	മരുന്നുകൾ ലഭിച്ചിട്ടില്ല

സി) പ്രൊജക്ട് നം. 53/21, സാന്ത്വന പരിചരണം

അടങ്കൽ - 800000/- രൂപ

ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം) – 800000/- രൂപ

ചെലവ് - 619556/- രൂപ

പ്രൊഫോർമ ഇൻവോയ്സ് നം./തീയതി	തുക	ബിൽ നം. /തീയതി	റിമാർക്ക്സ്
PRF4985/01.02.2021	200000	16/20-21 /12.03.2021	മരുന്നുകൾ ലഭിച്ചിട്ടില്ല

മേൽ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് (അക്കൌണ്ട് നം. 3624001800000019) തുക നൽകിയിട്ടുണ്ട്. എന്നാൽ കെ.എം.എസ്.സി.എലിൽ നിന്നും മരുന്ന് ലഭിച്ചതായി കാണുന്നില്ല. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ ബാച്ച് നം., എക്സ്പെയറി ഡെയ്റ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/17.08.2021) മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 സാന്ത്വന പരിചരണം – പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ

പാലിക്കേണ്ടതാണ്

07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുവാനും അവർക്ക് ആവശ്യമായ പരിചരണം ഉറപ്പുവരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർദ്ദേശ പ്രകാരമുള്ള പരിചരണം ആവശ്യമായ രോഗികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ വാർഡ് അടിസ്ഥാനത്തിലുള്ള നോമിനൽ രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല.

ബി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിക്കേണ്ടതും മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്ന ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അംഗീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ പി.എം.സി യോഗങ്ങൾ ചേരുന്നുണ്ടെങ്കിലും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിച്ചതായോ ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അംഗീകരിച്ചതായോ രജിസ്റ്ററിൽ കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/17.08.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണ ചെലവ് - തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിരിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ദിവസം (10.12.2020) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 22 പോളിംഗ് ബൂത്തുകളിലേയും പോളിംഗ് ഉദ്യോഗസ്ഥർക്ക് ഭക്ഷണം നൽകിയ വകയിൽ 'വീട്ടിലെ ഭക്ഷണം' കുടുംബശ്രീക്ക് (ബിൽ നം. 095/24.12.2020) 15800/- രൂപ (വൌച്ചർ നം. 22000774/5.02.2021) നൽകിയതായി കാണുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 17.11.2020 ലെ SEC/600/2020-A2 ഉത്തരവ് പ്രകാരം തിരഞ്ഞെടുപ്പ് ദിവസം ഡ്യൂട്ടി ചെയ്യുന്ന പോളിംഗ് ഉദ്യോഗസ്ഥർക്ക് റെമ്യൂമറേഷനും (600/500 രൂപ/day) ഫുഡ് അലവൻസും (250 രൂപ/day) നൽകിയിട്ടുള്ളതാണ്. തിരഞ്ഞെടുപ്പ് ദിവസം ഡ്യൂട്ടി ചെയ്ത പോളിംഗ് ഉദ്യോഗസ്ഥർക്ക് ഫുഡ് അലവൻസ് നൽകിയിട്ടും പഞ്ചായത്ത് ഫണ്ടിൽ നിന്നും ടി ആവശ്യത്തിനായി തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/24.08.2021) മറുപടി നൽകിയിട്ടില്ല. ഇത്തരം അനാവശ്യ ചെലവുകൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-38 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായ പ്രോജക്റ്റുകളിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായ പ്രോജക്റ്റുകൾ പരിശോധിച്ചതിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1)

പ്രോജക്റ്റ് നം./പ്രോജക്റ്റ് പേര്	പ്രോജറ്റ് നം.28/21, വൃദ്ധർക്ക് കട്ടിൽ (എസ്.സി)
അടങ്കൽ	217500
ചെലവ്	39110
ബിൽ തുക	409, 26.03.2021

ക്രമ നം	പേര്	അപാകതകൾ
1	വിശാലം, പടിത്തറ വീട്, പനമ്പുകാട്	ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.
2	തുളസി സുഗുണൻ, ചക്കാലത്തറ വീട്, മുളവുകാട്	ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.
3	നടേശൻ.സി.റ്റി, ചെമ്മനായത്ത്, പനമ്പുകാട്	ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

തെരെഞ്ഞെടുക്കപ്പെട്ട 8 ഗുണഭോക്താക്കളിൽ ആരും തന്നെ കട്ടിൽ ഒപ്പിട്ട് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. ടി പ്രോജകറ്റിനു വേണ്ടി വാങ്ങിയ 8 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ള രേഖകൾ ലഭ്യമല്ല.

ടി അപാകത സംബന്ധിച്ച് 17.08.2021 തീയതിയിൽ നൽകിയ എൻക്വയറി നം.22 നുള്ള മറുപടിയിൽ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടില്ല കോവിഡ് രൂക്ഷമായതിനാൽ ഒരു ചടങ്ങായി നടത്തുവാൻ സാധിക്കാത്തതിനാലാണ് വിതരണം ചെയ്യാഞ്ഞത് എന്നും ജാതിസർട്ടിഫിക്കറ്റുകൾ വാങ്ങിയതിനു ശേഷം മാത്രമേ വിതരണം ചെയ്യുകയുള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവരുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. വിതരണം ചെയ്യാനുള്ള കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)

പ്രോജക്റ്റ് നം./പ്രോജക്റ്റ് പേര്	പ്രോജക്റ്റ് നം.26/21, എസ്.സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
അടങ്കൽ	750000
ചെലവ്	525000
ബിൽ തുക	145/ 11.09.2021, 183/ 27.10.2021 278/27.01.2021 299/ 11.02.2021 339/ 09.03.2021 398/ 25.03.2021

കെ.കെ.സതീന്ദ്രൻ, കുരീത്തടം വീട്, വല്ലാപാടം എന്ന വ്യക്തി ടി ധനസഹായത്തിനായി അപേക്ഷച്ചിരിക്കുന്ന തീയതി 03.07.2020 ആണ്. എന്നാൽ ആലുവ മുനിസിപ്പാലിറ്റി 10.03.2020 ൽ ഇഷ്യൂ ചെയ്ത വിവാഹ സർട്ടിഫിക്കറ്റിൽ വിവാഹത്തീയതി 28.10.2019 ആണ്. ടി ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിച്ചതായുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

ടി അപാകത സംബന്ധിച്ച് 17.08.2021 തീയതിയിൽ നൽകിയ എൻക്വയറി നം.22 നുള്ള മറുപടിയിൽ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്നാണ്.

ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവരുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3)

പ്രോജക്റ്റ് നം./പ്രോജക്റ്റ് പേര്	പ്രോജക്റ്റ് നം.153/21, എസ്.സി.ഗാർഹിക കുടിവെള്ള കണക്ഷൻ സബ്സിഡി
അടങ്കൽ	86396
ചെലവ്	77051
ബിൽ തുക	48/ 28.05.2021 182/ 27.10.2021 281/ 05.02.2021 399/ 25.03.2021

ചന്ദ്രൻ.സി.എം, ചൂളക്കൽ വീട്, മുളവുകാട് എന്നയാളുടെ അപേക്ഷയിൽ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചീനിയറുടെ സാക്ഷ്യപത്രം വച്ചിട്ടില്ല.
ടി അപാകത സംബന്ധിച്ച് 17.08.2021 തീയതിയിൽ നൽകിയ എൻക്വയറി നം.22 നുള്ള മറുപടിയിൽ കേരള വാട്ടർ അതോറിറ്റി എഞ്ചിനീയറുടെ സാക്ഷ്യപത്രം വച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളിൽ നിന്നും അപേകഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവരുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4)

പ്രോജക്റ്റ് നം./പ്രോജക്റ്റ് പേര്	പ്രോജക്റ്റ് നം.29/21, 7 ക്ലാസ്സ് വരെയുള്ള എസ്.സി കുട്ടികൾക്ക് പഠനോപകരണ വിതരണം
അടങ്കൽ	200000
ചെലവ്	17300
ബിൽ തുക	282/ 05.02.2021

A) സരസ വിജയൻ(അവന്തിക), വാതുക്കപ്പറമ്പ് വീട്, മുളവുകാട് എന്ന അപേക്ഷയിൽ വച്ചിരിക്കുന്ന അധാർ കാർഡിന്റെ പകർപ്പിൽ അവന്തിക അത്രജ, ചെറിയകട്ടത്ത് വീട്, മുളവുകാട് എന്നാണ്. മാത്രമല്ല കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിൽ സരസ്.ഇ.കെ, ഈറ്റമ്മൽ വീട്, മുളവുകാട് എന്നുമാണ് കാണുന്നത്.

B) ദയ അനിൽകുമാർ, ആർദ്ര,എം,എസ്, ദീപിക മനോജ് എന്നീ വിദ്യാർത്ഥികളുടെ അപേക്ഷയിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ലഭ്യമല്ല.

ദിയ പ്രസാദ്, ദയ അനിൽകുമാർ, ആർദ്ര എം.എസ്. എന്നിവരൊഴികെ ആരും തന്നെ പഠനോപകരണങ്ങൾ ഒപ്പിട്ടു കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല.

ടി അപാകത സംബന്ധിച്ച് 17.08.2021 തീയതിയിൽ നൽകിയ എൻക്വയറി നം.22 നുള്ള മറുപടിയിൽ ഗുണഭോക്താക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല എന്നും ജാതിസർട്ടിഫിക്കറ്റുകൾ വാങ്ങിയതിനു ശേഷം മാത്രമേ വിതരണം ചെയ്യുകയുള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവരുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. വിതരണം ചെയ്യാനുള്ള പഠനോപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

5.

പ്രോജക്റ്റ് നം./പ്രോജക്റ്റ് പേര്	പ്രോജക്റ്റ് നം.125/21, എസ്.സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
അടങ്കൽ	375000
ചെലവ്	375000

വിഷ്ണു പ്രകാശ്, ആശാരുപടി വീട്, പനമ്പുകാട് എന്നയാളുടെ അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞിട്ടുള്ള അപാകതകൾക്ക് 17.08.2021 തീയതിയിൽ നൽകിയ എൻക്വയറി നം.22 നുള്ള മറുപടിയിൽ അപേക്ഷാ തീയതി 11.10.2019 ആണെന്നും, ടിയാന്റെ അക്കൌണ്ടിലേക്ക് തുക കൈമാറിയിട്ടുമുണ്ടെന്നുമാണ്. ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവരുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-39 ദുരിതാശ്വാസ നിധി രൂപീകരണം

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവയാൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു സമാശ്വാസമെന്ന രീതിയിൽ, അടിയന്തിര ഘട്ടങ്ങളിൽ അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരത്തിലൊരു നിധി രൂപീകരിക്കുന്നതിന് നിർദ്ദേശമുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതും നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും അർഹരായവർക്ക് സഹായം നൽകാവുന്നതുമാണ്.

ഭാഗം -2

2-1 തൊഴിൽ നികുതി ഈടാക്കിയതിലെ നഷ്ടം

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പേര് / സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	കുറവ്
1	നേഹ (മാനേജർ), ടോണി & ഗയ് , ബോൾഗാട്ടി	I & II	12000 (1 മാസത്തെ വരുമാനം)x6= 72000	600	120	480 X 2 = 960
2	സനീഷ് (സ്റ്റെലിസ്റ്റ്),ടോണി & ഗയ്, ബോൾഗാട്ടി	I & II	10000 (1 മാസത്തെ വരുമാനം)x6= 60000	600	120	480 X 2 = 960
3	സിബിൽ (ബ്യൂട്ടിഷൻ), ടോണി & ഗയ്, ബോൾഗാട്ടി	I & II	10000 (1 മാസത്തെ വരുമാനം)x6= 60000	600	120	480 X 2 = 960
4	ബിനീഷ് ബേബി, ഡി.പി.വേൾഡ്	II	86478	750	600	150

5	സുബാ ശങ്കർ. എസ്, ഡി.പി.വേൾഡ്	II	84408	750	600	150
6	ഒണീൽ ഡേവിഡ്, ഡി.പി.വേൾഡ്	II	79374	750	600	150
7	വിനോദ്.കെ.കെ., ജെ.എൻ.ബി.എസ്. എച്ച്.ആർ. സോല്യൂഷൻ	II	132264	1250	1000	250
8	രേഷ്മ. പി.എം, കെ.എം.എൽ നിധി ലിമിറ്റഡ്	II	48000	450	300	150
9	നീന രമേഷ്, കെ.എം.എൽ നിധി ലിമിറ്റഡ്	II	48000	450	300	150
10	വിഷ്ണുപ്രിയ.പി.എസ്, കെ.എം.എൽ നിധി ലിമിറ്റഡ്	II	48000	450	300	150

ആകെ ഈടാക്കാനുള്ള തൊഴിൽ നികുതി – 4030/- രൂപ

ടി ജീവനക്കാരിൽ നിന്നും പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്.		

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തി	ബിൽ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്. ഇ.ബി	188/20, വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22001278/ 20.07.2020	52830	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
”	122/21,വിവിധ വാർഡുകളിൽ	22000332/ 31.01.2021	54883	-	വിനിയോഗ സാക്ഷ്യപത്രം

	പോസ്റ്റ് മാറ്റി സ്ഥാപിക്കൽ				ലഭ്യമായിട്ടില്ല
,,	122/21,വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22000378/ 31.01.2021	11186	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
,,	122/21,വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22000719/ 31.01.2021	11788	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
,,	122/21,വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22000794/ 31.01.2021	43390	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
,,	122/21,വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22000840/ 31.01.2021	79479	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
കേരള വാട്ടർ അതോറിറ്റി	252/21,കുടിവെള്ള പദ്ധതി പുനരുദ്ധാരണം	21901097/ 20.03.21	6900000	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
കേരള പൊതുമരാമത്ത് വകുപ്പ്	150/21,കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ	22000135/ 04.02.21	681000	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 8600000/-രൂപയും, കെ.എസ്.ഇ.ബിയിൽ 1809294/-രൂപയും, കേരള പൊതുമരാമത്ത് വകുപ്പിൽ 681000/- രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട്. (B.18 Schedule: 460500201,460500202,460500205)

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട്	ചെലവ്	ബാലൻസ്
1	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2018-19	361070	138/20 ലോപ്പസ് റോഡ് നിർമ്മാണം		361070
2	,,	2018-19	2298139	180/21, പി എച്ച് സി റോഡ് നവീകരണം	946633	1351506
3	,,	,,	228098	140/21,മാടത്തറ റോഡ് നവീകരണം	26432	201666
ആകെ		-	2887307	-	973065	1914242
1	ബ്ലോക്ക്പഞ്ചായത്ത് (ഇടപ്പള്ളി)	2018-19	587010	211/21,സെന്റ് മേരീസ് ചർച്ച് ലെയ്ൻ കോൺക്രീറ്റിംഗ് മുളവുകാട് ഗ്രാമപഞ്ചായത്ത് ബ്ലോക്ക് വിഹിതം	361508	225502
2	,,	2020-21	145733	104/21,ഭിന്നശേഷിക്കാർക്ക് ഉപകരണം	-	145733
3	,,	,,	2045800	156/21,കുടിവെള്ള കണക്ഷൻ	5000	816632
4	,,	,,		181/21മുക്കം ജെട്ടി റോഡ് നിർമ്മാണം	277650	
5	,,	,,		190/21പോത്തടി റോഡ് ഡ്രെയിൻ നിർമ്മാണം	448082	

6	,,	”		182/21സെന്റ് ആന്റണീസ് വല്ലാർപാടം റോഡ് നിർമ്മാണം	498436	
ആകെ			2778543	-	1590676	1187867

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് മിഷൻ ഹഡ്കോ ലോൺ (KURDFC) വഴി ലഭിച്ചത്)	G.O.(MS) No.100/2018 /L.S.G.D, Dtd.30.07.18	1502147	1235294	468628	-	766666

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2001-02	2-9	2006-07	3-39(1)	അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തിയാക്കിയില്ല	റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	84810073.00

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	102360302.00
വരവിനങ്ങളിലുള്ള നഷ്ടം	:	4030.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ് ചെയ്യാവുന്ന തുക	സർചാർജ് ചെയ്യാവുന്ന തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	4030	-	മണിക്കുട്ടി ആർ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
മണിക്കുട്ടി.ആർ സെക്രട്ടറി	സെക്രട്ടറി, മുളവ്കാട് ഗ്രാമപഞ്ചായത്ത്	രേവതി, 2/468 എ, കാട്ടിത്തറ റോഡ്, മരട്, കൊച്ചി -682034

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്.ഇ.പി3/847/98,തീയതി-22-9-99	18
1998-99 മുതൽ 2001-02വരെയുള്ള പദ്ധതി ചെലവുകൾ	എൽ.എഫ്.ഇ.പി3/451/08,തീയതി-3-9-08	30

2000-01	കെ.എസ്.എ.ഇ.കെ.എം.പി10/512/18, തീയതി-5-4-18	2
2001-02	കെ.എസ്.എ.ഇ.കെ.എം.പി10/512/18, തീയതി-5-4-18	1
2002-03(ചെലവ്) 2002-03(വരവ്)	എൽ.എഫ്.ഇ.പി3/380/16,തീയതി-4-1-07 എൽ.എഫ്.ഇ.പി3/1414/09,തീയതി-14-1-10	9 3
2003-04	കെ.എസ്.എ.ഇ.കെ.എം.പി10/512 /18,തീയതി-5-4-18	1
2004-05	കെ.എസ്.എ.ഇ.കെ.എം.പി10/512 /18,തീയതി-5-4-18	2
2005-06	കെ.എസ്.എ.ഇ.കെ.എം.പി10/512 /18,തീയതി-5-4-18	1
2006-07	കെ.എസ്.എ.ഇ.കെ.എം.പി10/512 /18,തീയതി-5-4-18	2
2007-08	കെ.എസ്.എ.ഇ.കെ.എം.പി10/512 /18,തീയതി-5-4-18	1
2008-09	കെ.എസ്.എ.ഇ.കെ.എം.പി10/512 /18,തീയതി-5-4-18	2
2009-10&2010-11	എൽ.എഫ്.ഇ.പി10/1997/14,തീയതി-13-3-15	9
2011-12	എൽ.എഫ്.ഇ.പി10/593/14,തീയതി-6-6-15	10
2012-13	എൽ.എഫ്.ഇ.പി10/1408/15,തീയതി-14-9-15	6
2013-14&14-15	എൽ.എഫ്.ഇ.പി10/1807/15,തീയതി-5-4-16	10
2015-16	കെ.എസ്.എ.ഇ.കെ.എം.പി10/2002 /17,തീയതി-22-3-18	10
2016-17	കെ.എസ്.എ.ഇ.കെ.എം.പി10/1517 /17,തീയതി- 28-9-17	10
2017-18	കെ.എസ്.എ.ഇ.കെ.എം.പി10/2330 /18,തീയതി-12-7-19	24
2018-19	കെ.എസ്.എ.ഇ.കെ.എം.പി10/1693 /19,തീയതി-08-12-2019	10
2019-20	കെ.എസ്.എ.-ഇ.കെ.എം. (പി10)1151/2021 തീയതി 08.11.2021	

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്